**Reg with A/D**

## ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ: ശാലിനി ഗോപിനാഥ് (പെൻ: 498485 )

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ക്ഷീര വികസന ഓഫീസർമാരെ താത്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/224/2026-ES1 തിരുവനന്തപുരം,തീയതി: 08-05-2026

---

1. തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പി ആന്റ് ഇ) -യുടെ 11.03.2026 ലെ 1-2026/110 നമ്പർ കത്ത് .

2. എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പി ആന്റ് ഇ) -യുടെ 24.02.2026 ലെ 2-2026/79/0(A) നമ്പർ കത്ത് .

### ഉത്തരവ്

ക്ഷീര വികസന വകുപ്പിൽ നിലവിലുള്ള രണ്ടു ക്ഷീര വികസന ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിലേക്കായി, പരാമർശം (1), (2) പ്രകാരം തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ എന്നിവർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും അഭിമുഖം നടത്തി അതിലേക്ക് തിരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ ഇവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 179 ദിവസത്തേയ്ക്ക് അവരുടെ പേരിനൊപ്പം ചേർത്തിട്ടുള്ള ഓഫീസുകളിൽ **55200-115300** ശമ്പള സ്കെയിലിൽ ക്ഷീര വികസന ഓഫീസർമാരായി, 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 9(a) (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി, താത്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗാർത്ഥികളുടെ പേരും മേൽ | നിയമനം നൽകുന്ന ഓഫീസ് | റിപ്പോർട്ടിംഗ് ഓഫീസർ |
|---|---|---|---|

| | | | |
|---|---|---|---|
| | വിലാസവും | | |
| 1 | **ABHIRAMI KV**<br><br>**D/O PAVITHRAN P K,**<br>**KUNNUMMAL, ORIE,**<br>**THEKUPURAM,**<br>**PADNA PO,**<br>**KASARAGOD, 671312**<br>**Ph: 9633960880** | ക്ഷീരവികസന യൂണിറ്റ്, മലപ്പള്ളി, പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട |
| 2 | **ALEENA EBRAHIM**<br><br>**PATTAMAVUDIYIL,**<br>**KOOVALLOOR PO,**<br>**KOTHAMANGALAM**<br>**ERNAKULAM-686671**<br>**Ph: 8547720763** | ക്ഷീരവികസന യൂണിറ്റ്, വൈപ്പിൻ, എറണാകുളം | ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം |

മേൽ ഉദ്യോഗാർത്ഥികളുടെ നിയമനം തികച്ചും താൽക്കാലികമായി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ **179** ദിവസം വരെ മാത്രമായിരിക്കുന്നതും, പ്രസ്തുത കാലയളവിനുള്ളിൽ ടി ഉദ്യോഗാർത്ഥികളെ നിയമിച്ചിരുന്ന ഒഴിവുകളിലേക്ക് പി എസ് സി നിയമനം മുഖാന്തിരം ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നത് വരെയോ, ശൂന്യവേതനാവധി/ ഡെപ്യൂട്ടേഷൻ എന്നിവയിലുള്ള ജീവനക്കാർ തിരികെ പ്രവേശിക്കുന്നതു വരെയോ ആയിരിക്കുന്നതാണ്. ടി ഉദ്യോഗാർത്ഥികളെ വകുപ്പിന്റെ ഏത് ഓഫീസിലേയ്ക്കും സ്ഥലംമാറ്റി നിയമിക്കുന്നതിനും നിയമനാധികാരിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തത് ഉദ്യോഗാർത്ഥികൾ തെറ്റായ വിവരം നല്കിയതിന്റെ അടിസ്ഥാനത്തിൽ ,അവരെ നാമ നിർദേശം ചെയ്തതാണെന്ന് തെളിയുന്ന പക്ഷം , വിശദീകരണം നൽകുന്നതിനു **15** ദിവസം

നൽകുന്നതും, വിശദീകരണം തൃപ്തികരമല്ലെങ്കിൽ പിരിച്ചു വിടുന്നതുമാണ്. ഇത് സംബന്ധിച്ച് ഒരു പ്രഖ്യാപനം ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ നൽകേണ്ടതാണ്.

മേൽ ഉദ്യോഗാർത്ഥികൾ നിയമന ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. യാതൊരു കാരണവശാലും ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം നീട്ടി നൽകുന്നതല്ല. നിശ്ചിത സമയത്തിനകം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം മറ്റ് അറിയിപ്പുകൾ ഇല്ലാതെ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായി കണക്കാക്കുന്നതാണ്.

Digitally signed by
SALINI GOPINATH
Date: 08-05-2026
15:00:13

ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2) ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പി & ഇ), തിരുവനന്തപുരം

3) ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പി & ഇ), എറണാകുളം

4) ഡെപ്യൂട്ടി ഡയറക്ടർമാർ പത്തനംതിട്ട, എറണാകുളം

5) ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)